പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4491 — 20.10.2011 ന് മറുപടിക്ക്

ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ.സി.ദിവാകരൻ : — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എത്ര വകുപ്പുകളിലാണ് ഭരണഭാഷ പൂർണ്ണമായും മലയാളമായിരിക്കണമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) | 72 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളിലും ഭരണഭാഷ പൂർണ്ണമായും മലയാളമായിരിക്കണമെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഭരണ ഭാഷ മലയാളമാകണമെന്ന് പ്രഖ്യാപിച്ച വകുപ്പുകളിൽ ഇപ്പോഴും ഇംഗ്ലീഷിൽ ഉത്തരവുകൾ ഇറങ്ങാൻ കാരണമെന്താണ്; | (ബി) | ഹൈക്കോടതി കേസുകൾ, കേന്ദ്ര സർക്കാർ ഓഫീസുകൾ, അന്യസംസ്ഥാനങ്ങളിലെ ആഫീസുകൾ സ്ഥാപനങ്ങൾ തുടങ്ങിയവയുമായുള്ള കത്തിടപാടുകളും അതുമായി ബന്ധപ്പെട്ട ഉത്തരവുകളും മാത്രമേ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ ഇംഗ്ലീഷിൽ ഇറക്കാനാവൂ. ഇത്തരം സാഹചര്യങ്ങളിൽപ്പോലും കുറിപ്പു ഫയൽ മലയാളത്തിൽ എഴുതണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭരണഭാഷ മലയാളമായി പ്രഖ്യാപിച്ച വകുപ്പുകളിൽ ഫയലുകൾ ഇപ്പോഴും ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുന്നവർക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ; | (സി) | ഒരു ജീവനക്കാരനെതിരെ നടപടി സ്വീകരിക്കുകയും സ്വീകരിച്ച നടപടി ശരിവച്ചുകൊണ്ട് (ഒ.പി.13344/1998എൽ.) കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുമുണ്ട്. |
| (ഡി) | സെക്രട്ടറി തലത്തിൽ നടക്കുന്ന ഭൂരിപക്ഷം യോഗങ്ങളുടെ മിനിട്സും തുടർന്നുള്ള ഉത്തരവുകളും ഇംഗ്ലീഷിൽ തയ്യാറാക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഔദ്യോഗിക ഭാഷ മലയാളമാക്കിയ വകുപ്പുകളിൽ മലയാളത്തിൽ നടപടിക്കുറിപ്പുകൾ തയ്യാറാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ